**Day 4 of 90 days** ✝✝✝ **29th October 2017**

അവൻ എന്റെ ഇടയനാകയാൽ → എനിക്ക് മുട്ടുണ്ടാകയില്ല, അഥവാ കുറവുണ്ടാകയില്ല.
അവൻ എന്നോടുകൂടെയുള്ളതിനാൽ → ഞാൻ യാതൊരു അനർത്ഥവും ഭയപ്പെടുകയില്ല.
അവൻ എനിക്കു വിരുന്നൊരുക്കുന്നവൻ → എന്റെ പാനപാത്രം എപ്പോഴും നിറഞ്ഞുകവിയുന്നു.
അവൻ എന്റെ ആതിഥേയനാകയാൽ → ആ ആതിഥേയന്റെ ആലയത്തിൽ ഞാൻ ദീർഘകാലം വസിക്കും.

ഈ മൂന്ന് അനുഭവങ്ങളോടുമുള്ള നമ്മുടെ ഓരോരുത്തരുടെയും ബന്ധം എന്താണ്? യേശുക്രിസ്തുവിനെ ഈ മൂന്ന് നിലയിലും അനുഭവത്തോടുകൂടെ കാണുവാൻ നമുക്ക് സാധിക്കേണം. യഹോവ എന്റെ ഇടയനാകയാൽ, എനിക്കു യാതൊന്നിനും മുട്ടുണ്ടാകയില്ല, യാതൊന്നിനും കുറവുമുണ്ടാകയില്ല. യഹോവ നമ്മുടെ ഇടയനോ? നാം ഭാരപ്പെട്ടും വ്യാകുലപ്പെട്ടും ഇരിക്കുകയാണോ? നാം മുട്ടുള്ളവരായിരിക്കുവാൻ നമ്മുടെ ഇടയൻ ആഗ്രഹിക്കുന്നില്ല. ഇടയൻ ജീവിക്കുന്നത് തന്നെ ആടുകൾക്കുവേണ്ടിയാണ്. ആടുകളുടെ ക്ഷേമമാണ് തന്റെ ലക്ഷ്യം. സാധാരണ മനുഷ്യനായ ഒരു ഇടയൻ തന്റെ ആടുകൾക്കുവേണ്ടി വിചാരപ്പെടുകയും കരുതുകയും ചെയ്യുന്നെങ്കിൽ, നമ്മുടെ ഇടയനായ കർത്താവായ യേശുക്രിസ്തു നമുക്കുവേണ്ടി വിചാരപ്പെടുകയും കരുതുകയും ചെയ്യുകയില്ലായെന്ന് വിചാരിക്കരുത്. ക്രിസ്തു നമുക്കുവേണ്ടി വിചാരപ്പെടുന്നവനും കരുതുന്നവനുമാണ്, ആകയാൽ നമ്മുടെ കുറവുകളെ പററി ചിന്തിച്ച് ചിന്താകുലപ്പെട്ട് എവിടെയെങ്കിലും മാറിയിരിക്കാതെ, നമ്മളെ സ്നേഹിക്കുന്നവനും, നമ്മൾക്കുവേണ്ടി കരുതുന്നവനും നമുക്കുവേണ്ടി ജീവിക്കുന്നവനുമായ യേശുവിങ്കലേക്കു നോക്കി, ധൈര്യമായി അവനെ സമീപിക്കാം.

യഹോവ ഇടയനായിരിക്കുന്ന നമ്മൾക്ക് യാതൊരു മുട്ടുമുണ്ടാകയില്ല എന്ന് ഉറപ്പിച്ച് പറയുന്നതിന്റെ കാരണം; തന്റെ ഇടയൻ ആടുകളെ ഏതെങ്കിലും ആലയിൽ അടച്ചിട്ടിട്ട് എവിടെയെങ്കിലും പോയി സ്വന്തം കാര്യവും നോക്കുന്നവനല്ല, എവിടെയെങ്കിലും മാറികിടന്ന് ഉറങ്ങുന്നവനോ സ്വന്തം കാര്യം അന്വേഷിച്ചു പോകുന്നവനോ അല്ല.

തുടരും....